# <u>അനധികൃത മദ്യവിൽപ്പന- 2 പേർ അറസ്റ്റിൽ</u>

അനധികൃത വിൽപ്പനക്കായി വാങ്ങി സൂക്ഷിച്ച 18 ലിറ്റർ വിദേശമദ്യം, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ്. ഐ.പി.എസ് അവർകളുടെ നേതൃത്വത്തിൽ രൂപീകരിച്ച ആൻറി നാർക്കോട്ടിക് സ്പെഷ്യൽ ടീം, ഇന്നലെ (05.04.2017) രാത്രി 9.30 മണിക്ക് പട്ടിമറ്റം ജംഗ്ഷനിൽ നിന്നും പിടിച്ചെടുത്തു. 2 പ്രതികളേയും അറസ്റ്റ് ചെയ്തു.

1) പെരുമ്പാവൂർ കടുവാൾ കണിയാംപറമ്പിൽ വീട്ടിൽ മണി മകൻ ഷാജി 47 വയസ് , 2) പെരുമ്പാവൂർ വല്ലം റയോൺപുരം എരേക്കാട്ടുകുടി വീട്ടിൽ കുട്ടപ്പൻ മകൻ അനിൽ 36 വയസ്, എന്നിവരേയാണ് അറസ്റ്റ് ചെയ്തത്. പ്രതികളുടെ പക്കൽ നിന്നും 375 മില്ലി വീതമുള്ള 48 ബോട്ടിൽ വിദേശമദ്യമാണ് ബന്ധവസ്സിലെടുത്തത്.

പട്ടിമറ്റം ജംഗ്ഷനിലുള്ള ബീവറേജസ് കോർപ്പറേഷൻ റീട്ടെയിൽ ഷോപ്പിൽ നിന്നും 2 പേരും കൂടി തവണകളായി 48 ബോട്ടിലുകൾ വാങ്ങി സൂക്ഷിച്ച്, പെരുമ്പാവൂർ വല്ലം ഭാഗത്ത് അനധികൃതമായി ചില്ലറ വിൽപ്പനയ്ക്കായി കൊണ്ടുപോകുന്ന വഴിയാണ് പ്രതികൾ പിടിയിലായത്.

പട്ടിമറ്റം ബിവറേജസ് ഷോപ്പിൽ നിന്നും ചില്ലറ വിൽപ്പനക്കായി കൂടുതൽ മദ്യം വാങ്ങി ശേഖരിക്കുന്നുവെന്ന രഹസ്യവിവരം, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് കിട്ടിയതിനെ തുടർന്ന് ആലുവ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി ശ്രീ. വി.കെ.സനിൽ കുമാറിൻെറ നേതൃത്വത്തിൽ ആൻറി നാർക്കോട്ടിക് സ്പെഷ്യൽ ടീം സബ്ബ് ഇൻസ്പെക്ടർ കെ.എ.ജോയി, പോലീസുകാരായ ശ്യാം, രഞ്ജിത്, മുഹമ്മദ് എന്നിവരടങ്ങിയ സ്ക്വാഡ് ആണ് പ്രതികളെ പിടികൂടിയത്.

പ്രതികളേയും പിടിച്ചെടുത്ത വിദേശമദ്യവും കുന്നത്തുനാട് പോലീസിന് കൈമാറി. കുന്നത്തുനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു.